പൊതു വിദ്യാഭ്യാസ

ഡയറക്റ്ററുടെകാര്യാലയം,
ഹയർസെക്കൻററിവിഭാഗം,

ജഗതി , തിരുവനന്തപുരം–14

നംബർ. **ICT Cell/1771/2/DGE-HSE/2024** **06/08/2024**

# പത്രക്കുറിപ്പ്

## ഹയർസെക്കണ്ടറി പ്ലസ്‌വൺ പ്രവേശനം : വേക്കൻസി സീറ്റുകളിലെ പ്രവേശനം

മെറിറ്റ് ക്വാട്ടയിലെ വിവിധ അലോട്ട്മെൻറുകളിൽ അപേക്ഷിച്ചിട്ടും നാളിതുവരെ അലോട്ട്മെൻറ് ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നവർക്കും നിലവിലുള്ള വേക്കൻസിയിൽ പ്രവേശനം നേടുന്നതിനായി 2024 **ആഗസ്റ്റ് 7 ന് ഉച്ചയ്ക്ക് 1 മണി മുതൽ ആഗസ്റ്റ് 8 ന് വൈകിട്ട് 4 മണി വരെ** അപേക്ഷ സമർപ്പിക്കാം. എന്നാൽ നിലവിൽ ഏതെങ്കിലും ക്വാട്ടയിൽ പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. നിലവിലുള്ള വേക്കൻസി അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in –ൽ **2024 ആഗസ്റ്റ് 6 ന്** വൈകിട്ട് 4 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത വേക്കൻസിയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ 2024 ആഗസ്റ്റ് 7 ന് **ഉച്ചയ്ക്ക് 1 മണി മുതൽ** ആഗസ്റ്റ് 8 ന് വൈകിട്ട് 4 മണി വരെയുള്ള സമയ പരിധിക്കുള്ളിൽ **കാൻഡിഡേറ്റ് ലോഗിനിലെ** Apply for Vacant Seats എന്ന ലിങ്കിലൂടെ അപേക്ഷ സമർപ്പിക്കണം. ഇതുവരെയും അപേക്ഷ നൽകാൻ കഴിയാത്തവർ വെബ്സൈറ്റിലെ പ്രവേശനത്തിൻെറ തുടർ പ്രവർത്തനങ്ങൾക്കായി കാൻഡിഡേറ്റ് ലോഗിനും "Create Candidate Login-SWS" എന്ന ലിങ്കിലൂടെ രൂപീകരിക്കണം. തുടർന്ന് കാൻഡിഡേറ്റ് ലോഗിനിലെ "APPLY ONLINE" എന്ന ലിങ്കിലൂടെ പ്രസിദ്ധപ്പെടുത്തുന്ന **വേക്കൻസിക്കനുസൃതമായി ഓപ്ഷനുകളും നൽകി അപേക്ഷ അന്തിമമായി സമർപ്പിക്കണം. അപേക്ഷയിൽ പ്രസിദ്ധപ്പെടുത്തിയ വേക്കൻസികൾക്കനുസൃതമായി എത്ര സ്കൂൾ/കോഴ്സുകൾ വേണമെങ്കിലും ഓപ്ഷനായി ഉൾപ്പെടുത്താവുന്നതാണ്.**

പട്ടികവർഗ്ഗ വികസന വകുപ്പിൻെറ കീഴിലുള്ള 14 മോഡൽ റെസിഡെൻഷ്യൽ സ്കൂളുകളിൽ മുഖ്യഘട്ടത്തിലെ രണ്ട് അലോട്ട്മെൻറിനും ഒരു സപ്ലിമെൻററി

അലോട്ട്മെൻറിനും ശേഷമുള്ള ഒഴിവുകളും വെബ്സൈറ്റിൽ സ്പോട്ട് അഡ്മിഷനായി **2024 ആഗസ്റ്റ് 6 ന്** വൈകിട്ട് 4 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. യോഗ്യരായ അപേക്ഷകർക്ക് പ്രസ്തുത ഒഴിവുകളിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള നിർദ്ദേശവും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

**ജോയിൻറ് ഡയറക്ടർ(അക്കാദമിക്)**